**ശ്രദ്ധക്ഷണിക്കൽ**

(1) <u>സാന്ത്വന ചികിത്സയും വയോജന പരിചരണവും</u>

<u>ശ്രീ. സജി ചെറിയാൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് കിടപ്പുരോഗികളെയും രോഗികളായിട്ടുള്ളവരെയും സംരക്ഷിക്കുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിന്റെ ആരോഗ്യമേഖല ഇന്ന് രാജ്യത്ത് ഏറ്റവും ശ്രദ്ധേയമായൊരു കാര്യമാണ്. ആയുർദൈർഘ്യത്തിന്റെയും ജനന മരണനിരക്കിലെ കുറവിന്റെയും ആരോഗ്യമേഖലയിലെ മെച്ചപ്പെട്ട സ്ഥിതികളെയും സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായിട്ടുള്ള നേട്ടങ്ങൾ പരിശോധിക്കുമ്പോഴും നാം വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. ഈ അവസരത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെ അധികരിച്ചുകൊണ്ട് ശരിയായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു വിഷയം തൊഴിലില്ലായ്മയാണ്. അതിന്റെ ഭാഗമായി അന്യ രാജ്യങ്ങളിലേയ്ക്കും അന്യ സംസ്ഥാനങ്ങളിലേയ്ക്കും ധാരാളം ആളുകൾ കുടിയേറി പോകുന്നു. ഇവർ പോകുന്നതിന്റെ ഫലമായി വാർദ്ധക്യം ബാധിച്ച മാതാപിതാക്കളും

കിടപ്പുരോഗികളും ഇതര രോഗങ്ങൾ ബാധിച്ചിട്ടുള്ളവരും സംരക്ഷണം കിട്ടാതെ ഭവനങ്ങളിൽ കഴിയുന്ന ദുഃഖകരമായ അവസ്ഥയാണ് കേരളത്തിന്റെ പലഭാഗങ്ങളിലും കാണുന്നത്. നമ്മുടെ വളർച്ചയോടൊപ്പംതന്നെ നിരാലംബരുടെയും നിസ്സഹായരായ മനുഷ്യരുടെയും എണ്ണം വളരെയേറെ വർദ്ധിക്കുന്നുവെന്ന് നാം കാണേണ്ടതുണ്ട്. ഇന്ത്യയിലെ ഏറ്റവും വികസിതമായ ഒരു സംസ്ഥാനമെന്ന നിലയിൽ, എല്ലാ രംഗത്തും മെച്ചപ്പെട്ട മുന്നേറ്റം ഉണ്ടായിട്ടുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തെ ഏറ്റവും ബാധിക്കുന്ന ഈ പ്രശ്നം ഗൗരവമായി നാം കാണേണ്ടതുണ്ട്, അതിന് പരിഹാരം നിർദ്ദേശിക്കേണ്ടതുണ്ട്. പല വികസിത രാജ്യങ്ങളിലും വർഷങ്ങൾക്ക് മുമ്പുതന്നെ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സമയബന്ധിതമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു പ്രധാന കാര്യം, രോഗീസംരക്ഷണം ഭവനങ്ങളിലെത്തി ചെയ്യുന്ന രീതി- പാലിയേറ്റീവ് പ്രവർത്തനം എങ്ങനെ ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് നാം ചർച്ച ചെയ്യേണ്ടതുണ്ട്. ചെങ്ങന്നൂരിലെ കരുണ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ഉൾപ്പടെ ആലപ്പുഴ ജില്ലയിൽ 22-ഓളം സൊസൈറ്റികളുടെ നേതൃത്വത്തിൽ നടക്കുന്ന

പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ, ഏതാണ്ട് 8500-ഓളം രോഗികളെ ഞങ്ങൾ ഇപ്പോൾ ശുശ്രൂഷിക്കുന്നുണ്ട്. ഇതിന് വേണ്ടി നിയോഗിക്കപ്പെടുന്ന വോളണ്ടിയർമാരും നഴ്സുമാരും ഡോക്ടർമാരും വീടുകളിൽ ചെന്ന് ആരോഗ്യ പരിപാലനം സംബന്ധിച്ച ബോധവൽക്കരണം കൊടുക്കുന്നുണ്ട്, രോഗികളെ ശുശ്രൂഷിക്കുന്നുണ്ട്, പരിസര ശുചിത്വത്തെപ്പറ്റി പഠിപ്പിക്കുന്നുണ്ട്, കുടുംബാംഗങ്ങൾ എങ്ങനെ ചെയ്യണമെന്നുള്ളത് സംബന്ധിച്ച് അവരെ പരിശീലിപ്പിക്കുന്നുണ്ട്, ആരുമില്ലാത്തവരെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് ഷെൽട്ടറുകൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്, മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ, ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നു, മെഡിക്കൽ പരിശോധന എന്നിവ ചെയ്തുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകൾ ധാരാളം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തുന്നുണ്ട്. എന്നാൽ സന്നദ്ധ സംഘടനകളും ത്രിതല പഞ്ചായത്തുകളും ഗവൺമെന്റും നടത്തുന്ന പ്രവർത്തനങ്ങൾ ഏകീകരിക്കുന്ന നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നത് ജനങ്ങളുടെ ചെറിയ തോതിലുള്ള സാമ്പത്തിക സഹായം കൊണ്ട് മാത്രമാണ്. സന്നദ്ധ സംഘടനകളെ സംബന്ധിച്ച് പരിശോധന നടത്തി അതിന്റെ വിശ്വസ്തത

മനസ്സിലാക്കി സർക്കാർ സംവിധാനത്തിൽ കുറച്ച് സാമ്പത്തിക സഹായങ്ങൾ ചെയ്യാൻ കഴിയുമെങ്കിൽ വലിയ നിലയിൽ മെച്ചപ്പെട്ട നിലവാരം ഈ മേഖലയിൽ ഉണ്ടാക്കാൻ കഴിയും. ഗവൺമെന്റിന് ഏത് രീതിയിലാണ് ഈ മേഖലയെ സഹായിക്കാൻ കഴിയുന്നതെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ധാരാളം നിസ്സഹായരും നിരാലംബരുമായ ആളുകൾ  നമ്മുടെ നാട്ടിൽ അനാഥത്വം പേറുന്നുണ്ടെന്ന വസ്തുത നാം കാണണം. ഇവരെ ഏറ്റെടുത്ത് ശുശ്രൂഷിക്കുന്നതിന് ഒരു ബ്ലോക്ക് കേന്ദ്രത്തിൽ ഒരു ഷെൽട്ടർ എങ്കിലും അടിയന്തരമായി ഉണ്ടാക്കണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്.  എല്ലാ ഭവനങ്ങളിലും പോകാനുള്ള പാലിയേറ്റീവ് സംവിധാനമുണ്ടാകണം. കൃത്യമായി എല്ലാ വീടുകളിലും പോയി ശുശ്രൂഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തുന്നതിന് തീരുമാനമുണ്ടാകണം. ഇക്കാര്യത്തിൽ ഫലപ്രദമായ ചർച്ച നടത്തേണ്ടതായുണ്ട്. കേരളത്തിൽ ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു പാലിയേറ്റീവ് സൊസൈറ്റിയുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന  ഒരാൾ എന്ന നിലയിൽ ഞാൻ അഭിമാനത്തോടെ പറയുന്നു, എന്റെ മണ്ഡലത്തിൽ 2530 വീടുകളിൽ ശുശ്രൂഷ നടത്തുന്നുണ്ട്. ഇതൊരു മോഡൽ പ്രോജക്ടായി കേരളത്തിലാകെ ഏറ്റെടുക്കാൻ കഴിയണം.  കണ്ണൂർ ജില്ലയിൽ

ഐ.ആർ.പി.സി.യുടെയും ആലപ്പുഴ ജില്ലയിൽ എ.ആർ.പി.സി.യുടെയും നേതൃത്വത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളെയും ഗവൺമെന്റ് ഏകോപിപ്പിച്ചുകൊണ്ട് ഒരു പദ്ധതി കേരളത്തിലാകെ നടപ്പിലാക്കാൻ ശ്രമിച്ചാൽ കേരളത്തിലെ ജനങ്ങൾക്ക് വലിയ ആശ്വാസമുണ്ടാകും. ഇക്കാര്യങ്ങളാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ളത്. ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായ ചർച്ചയും സുവ്യക്തമായ ഒരു തീരുമാനവും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണിത്. പ്രത്യേകിച്ച് പാലിയേറ്റീവ് കെയർ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഒരാൾ കൂടിയാണ് ശ്രീ. സജി ചെറിയാൻ. കരുണ പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനത്തെക്കുറിച്ചും 8500-ലേറെ രോഗികൾക്ക് നേരിട്ട് ആശ്വാസം എത്തിക്കുന്നതിനെക്കുറിച്ചും പറയുകയുണ്ടായി. സാന്ത്വന പരിചരണ രംഗത്ത് കേരളം രാജ്യത്തിനാകെ മാതൃകയായി തന്നെ പ്രവർത്തിക്കുകയാണ്. കേരളത്തിൽ ഏകദേശം 1.5 ലക്ഷത്തോളം കിടപ്പുരോഗികൾ ഉണ്ടെന്നും

ഇവർക്ക് പ്രൈമറി ഹോം കെയർ ആവശ്യമുണ്ടെന്നുമാണ് സർവ്വെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പ്രായാധിക്യം, രോഗം എന്നിവകൊണ്ടും അപകടങ്ങൾകൊണ്ടും ശയ്യാവലംബരായ ജനങ്ങളെയാണ് സാന്ത്വന പരിചരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാൻസർ, വൃക്ക രോഗങ്ങൾ, പക്ഷാഘാതം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്കാണ് ദീർഘകാലമായ സാന്ത്വന പരിചരണവും ചികിത്സയും ആവശ്യമായി വരുന്നത്. സംസ്ഥാനത്ത് മൂന്ന് തലങ്ങളിലായി പ്രാവർത്തികമാക്കിയിട്ടുള്ള സാന്ത്വന പരിചരണ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ദേശീയ ആരോഗ്യ മിഷന്റെയും സഹകരണം കൂടി ഉറപ്പാക്കിയിട്ടുണ്ട്. ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന ചികിത്സയും മരുന്നുകളും സൗജന്യമായി നൽകുന്ന പദ്ധതിയാണ് പ്രൈമറി കെയർ പദ്ധതി. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രാദേശികമായി നിയമിച്ചുവരുന്നുണ്ട്. അതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന രീതിയും വന്നുകഴിഞ്ഞിട്ടുണ്ട്. ശരാശരി 49000 പേർക്ക് പ്രൈമറി കെയറിന്റെ നേരിട്ടുള്ള ഗുണഫലം പ്രതിമാസം ലഭിക്കുന്നുവെന്നാണ് കണക്ക്. ഇതുകൂടാതെ

ആശുപത്രി കേന്ദ്രീകൃതമായും ഇത്തരത്തിലുള്ള പാലിയേറ്റീവ് കെയർ സംവിധാനം നടപ്പിലാക്കുന്നുണ്ട്. ദേശീയ ആരോഗ്യ മിഷന്റെ സഹായത്തോടെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ സെക്കണ്ടറി കെയർ സാന്ത്വന പരിചരണം നൽകിവരുന്നു. ഇതിനായി സ്റ്റാഫ് നഴ്സുമാരെയും ഡോക്ടർമാരെയും ഫിസിയോതെറാപ്പിസ്റ്റുമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ശയ്യാവലംബരായ രോഗികൾക്ക് സെക്കണ്ടറി കെയർ സേവനങ്ങൾ താലൂക്ക്, ജില്ലാ ആശുപത്രികളിലെത്തി സ്വീകരിക്കാൻ പ്രയാസം നേരിടുന്നതായി കാണുന്നുണ്ട്. ഈ അവസ്ഥയിൽ ഫിസിയോതെറാപ്പിയും മറ്റ് സേവനങ്ങളും ആവശ്യമായ രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് കുറച്ചുകൂടി വിപുലീകൃതമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. സെക്കണ്ടറി തല പാലിയേറ്റീവ് കെയർ സേവനങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം തീരുമാനിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി എൻ.എച്ച്.എം.ന്റെ കൂടി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് 232 സി.എച്ച്.സി.കളിലും ഒരു ഫിസിയോ തെറാപ്പിസ്റ്റിനെയും ഒരു സ്റ്റാഫ് നഴ്സിനെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിക്കുകയും നിയമം

നടന്നുവരികയുമാണ്. സാന്ത്വന പരിചരണം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് വ്യാപിച്ചിരിക്കുകയാണ്. ഇതുപോലെ ട്രെയിനിംഗ് സെന്ററുകൾ ഫലപ്രദമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടെർഷ്യറി കെയർ സംവിധാനവുമായി ബന്ധപ്പെട്ട് 15 ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിലൂടെ ട്രെയിനിംഗും ഊർജ്ജിതമാക്കുകയാണ്. കൂടാതെ കോഴിക്കോട്ടുള്ള ഐ.ഐ.പി.എം., തിരുവനന്തപുരത്തുള്ള ടി.ഐ.പി.എസ്. തുടങ്ങിയ പരിശീലന കേന്ദ്രങ്ങളെ ഡബ്ല്യൂ.എച്ച്.ഒ. കൊളാബറേറ്റിംഗ് സെന്ററുകളാക്കി മാറ്റിക്കൊണ്ട് ഇവിടെയും പരിശീലനം നടന്നുവരുന്നു. സാന്ത്വന പരിചരണ പദ്ധതിയിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നിരവധി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ട്. ഇതിന്റെ ഏകോപനവും ആരോഗ്യ വകുപ്പ് നടത്തുകയാണ്. സന്നദ്ധ സംഘടനകളുമായി സാങ്കേതികപരമായ കാര്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. ധനസഹായ പദ്ധതികളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്, അതുപോലെ തീരുമാനിച്ചിട്ടില്ല. എന്നാൽ സന്നദ്ധ സംഘടനകളുമായി യോജിച്ച് പാലിയേറ്റീവ് പ്രവർത്തനം ഏകോപിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്ത് നട്ടെല്ലിന് ക്ഷതം ബാധിച്ച് കിടപ്പിലായവർക്കും Paraplegia രോഗം ബാധിച്ചവരെയും

പുനരധിവസിപ്പിക്കുന്നതിനായി പാലിയം ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് ഒരു പ്രവർത്തനം നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ വൃദ്ധസദനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ഏകോപിപ്പിക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 70 സായംപ്രഭ ഹോമുകൾ പ്രായംചെന്നവർക്കുവേണ്ടി ആരംഭിച്ചു. അവിടെയും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉറപ്പുവരുത്താൻ തീരുമാനിച്ചിട്ടുണ്ട്. അത് ഇപ്പോൾ ഓരോന്നായി ആരംഭിച്ച് തുടങ്ങുകയാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇതോടൊപ്പം സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായി വയോമിത്രം പദ്ധതി എല്ലാ നഗരസഭകളിലും ആരംഭിച്ചുകഴിഞ്ഞു. പുതിയ 44 വയോമിത്രം യൂണിറ്റുകളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുള്ളത്. അവിടെയും ഡോക്ടറുടെയും നഴ്സിന്റെയും സേവനം പ്രായംചെന്നവർക്കും കിടപ്പ് രോഗികൾക്കും ലഭ്യമാവുകയാണ്. വയോമിത്രം പദ്ധതി ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ ഭാഗമാക്കുന്നതിന് ബ്ലോക്ക് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുകയും കോഴിക്കോട് ജില്ലയിൽ അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അതുപോലെ ആയുർവ്വേദ

ചികിത്സ ലഭ്യമാക്കാനുള്ള ആയുർമിത്രം പദ്ധതിയും ഗവൺമെന്റ് ആരംഭിക്കുകയാണ്. ഇങ്ങനെ ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പുകൾ ഉൾപ്പെടെ നടത്തിക്കൊണ്ട് കിടപ്പുരോഗികൾക്ക് പരിചരണം നൽകാനുള്ള കാര്യങ്ങൾ വളരെ വികേന്ദ്രീകൃതമാക്കി തീരുമാനമെടുത്ത് കഴിഞ്ഞിട്ടുണ്ട്. 2018-ൽ കേരള സംസ്ഥാനത്തെ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി പ്രഖ്യാപിക്കാൻ ആലോചിച്ചുകൊണ്ടാണ് ഈ നടപടിക്രമങ്ങൾ നീക്കുന്നത്. അധികം താമസമില്ലാതെ തന്നെ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ സാധിക്കും. അപ്പോൾ ഇതുപോലുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

<u>ശ്രീ. സജി ചെറിയാൻ</u>: സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ വേണ്ടിയുള്ള ഗവൺമെന്റ് തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു. ഈ നടത്തുന്ന പ്രവർത്തനങ്ങൾ പല തരത്തിൽ എല്ലാ വീടുകളിലേയ്ക്കും ചെല്ലുന്നുണ്ടെങ്കിലും വിവിധ സംഘടനകൾ, പഞ്ചായത്ത്, ഗവൺമെന്റ് എന്നിവയുടെ പ്രവർത്തനത്തെ എം.എൽ.എ.മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളടങ്ങിയ കൂട്ടായ സംവിധാനത്തിലൂടെ എങ്ങനെ

ഏകീകരിപ്പിക്കാൻ കഴിയും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഞാൻ സൂചിപ്പിച്ചതുപോലെ, വിവിധ സംവിധാനങ്ങളിലൂടെയാണ് ഈ പ്രവർത്തനം നടക്കുന്നത്. പ്രവർത്തനങ്ങളെ ഏകീകരിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(2) വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വികസന മോഹത്തിനുവേണ്ടിയുള്ള ഒരു ജനപ്രതിനിധിയുടെ അപേക്ഷയാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ വയ്ക്കുന്നത്. വികസനത്തെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാട് പുറത്തുപറഞ്ഞിട്ടുള്ളത് 'വിവേചനങ്ങളില്ലാതെ വികസനം അതാണ് കേരളത്തിന്റെ ലക്ഷ്യം' എന്നാണ്. ഞാൻ ആ ലക്ഷ്യത്തോട് പൂർണ്ണമായും യോജിക്കുന്ന ആളാണ്. പക്ഷെ ഞങ്ങൾക്ക് അനുഭവത്തിലുണ്ടാകുന്നത് അതിൽനിന്നും വ്യത്യസ്തമായ സാഹചര്യമാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാനുള്ള പ്രധാനപ്പെട്ട കാരണം, വിവിധ വകുപ്പുകളിലായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം

അവർക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ്. കോട്ടയം ഡെവലപ്മെന്റ് കോറിഡോറിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെല്ലാം പൂർത്തിയായി ഇനി ടെണ്ടർ നടപടികൾ മാത്രം നടത്തിയാൽ മതി. ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ചേർന്ന് രണ്ടുമൂന്ന് മീറ്റിംഗുകൾ നടത്തിയതാണ്. അതിനുശേഷവും താഴെത്തട്ടിൽ എവിടെയോ ഇത് കുടുങ്ങിക്കിടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ തന്നെ ഇതിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നേരിട്ട് സംസാരിച്ചിട്ടുള്ളതാണ്. അവരെല്ലാം പറയുന്നത് നിസ്സാരമായ ആർഗ്യുമെന്റുകളാണ്. നമ്മുടെ ഭരണത്തിന്റെ കോറിഡോറിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ അറിയാവുന്നവരാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ. പക്ഷെ, ഈ പറയുന്ന തടസ്സങ്ങൾക്കൂടി നീക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതോടൊപ്പംതന്നെ ഇവിടെ 7 പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വീഡിയോ കോൺഫറൻസിൽ ഇതിനെക്കുറിച്ച് കളക്ടറുമായി സംസാരിച്ചിരുന്നുവെന്നുള്ളത് എനിക്കറിയാം. പക്ഷെ അവിടെനിന്നും ഒരു മാറ്റമുണ്ടാകുന്നില്ല. കോടിമത രണ്ടാം പാലം, അങ്ങ്

അവിടെ പോകുന്ന വഴിക്ക് ഒരു പാലത്തിന്റെ സ്കെൽട്ടൺ ഉയർന്നുനിൽക്കുന്നതു കാണാം. അതിന് അപ്രോച്ച് റോഡുണ്ടായാൽ പ്രശ്നം അവസാനിക്കും. ഇപ്പോൾ പാലം മുകളിലേയ്ക്ക് ഉയർന്നു, അപ്രോച്ച് റോഡില്ലാതെ ആളുകൾ കാത്തിരിക്കുകയാണ്. ഒരു പട്ടണത്തിന്റെ മധ്യത്തിലാണ്. അക്ഷരനഗരിയുടെ മധ്യത്തിൽനിൽക്കുന്ന ഈ സ്കെൽട്ടൺപോലുള്ള പാലത്തിന് അപ്പുറവുമിപ്പുറവും റോഡാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിക്കണം. ഒരു കാര്യം മാത്രമാണ് അതിന് തടസ്സമായി പറയുന്നത്. രണ്ട് ആളുകൾ അതിന് താഴെ താമസിക്കുന്നുണ്ട്. പല കളക്ടർമാർ അവിടെ മാറിവന്നു, 11 പ്രാവശ്യം കളക്ടേഴ്സ് ലെവലിലുള്ള ചർച്ചകൾ നടത്തിയിട്ടും ഒരു നടപടിയും ഉണ്ടാകുന്നില്ല. ആളുകൾ അവർക്ക് വീടുവച്ചുകൊടുക്കാൻ തയ്യാറാണ്. അവിടെ 3 സെന്റ് ഭൂമി നൽകിയാൽ ഇതെല്ലാം നടക്കും. 'ലൈഫ്' സ്കീമിൽ മാത്രമേ ഇത് ഉൾക്കൊള്ളിക്കുകയുള്ളൂവെന്നാണ് പറയുന്നത്. 'ലൈഫ്' സ്കീമിന് ലൈഫ് ഉണ്ടാകുന്നില്ലെങ്കിൽ ഈ പാലത്തിന്റെ ലൈഫും തീർന്നില്ലേ? അങ്ങനെ ഈ പദ്ധതികൾ തട്ടിമാറ്റുന്നതിനുള്ള ഉപാധിയാക്കി മാറ്റാതെ കഴിയുന്നത്രവേഗം അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം അങ്ങ് നൽകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ

ഒരു ബസ് ടെർമിനലിനുവേണ്ടി 28 കോടി രൂപയ്ക്ക് ടെണ്ടർ വിളിച്ച് കരാർ ഉറപ്പിച്ചതാണ്. നിസ്സാരമായ കാര്യങ്ങളാണ് പറയുന്നത്. ആദ്യം ശബരിമല സീസൺ കഴിയട്ടെയെന്ന് പറഞ്ഞു. ശബരിമല സീസൺ കഴിഞ്ഞപ്പോൾ മണ്ണെടുക്കാൻ സമ്മതിക്കുന്നില്ല. മണ്ണ് കെ.എസ്.ആർ.ടി.സി.യുടെ ഒരു ഡിപ്പോയിൽനിന്ന് മറ്റൊരു ഡിപ്പോയിലേയ്ക്ക് കൊണ്ടുപോകുന്നതിന് 12 ലക്ഷം രൂപ അവർക്ക് റോയൽറ്റി നൽകണമെന്ന് ഒരു ഡിപ്പാർട്ടുമെന്റ് പറയുന്നു. ഈ നിലയിൽ പോയാൽ നമ്മുടെ വികസനം എവിടെപ്പോയി നിൽക്കും? അങ്ങ് എത്ര സ്വപ്നം കണ്ടാലും ശരി ആ സ്വപ്നം ഈ മണ്ണിലെ ജനങ്ങൾക്ക് അനുഭവിക്കണമെങ്കിൽ ഈ ബുദ്ധിമുട്ടുകൾ മാറ്റുന്നതിനുള്ള നടപടികളെടുക്കേണ്ടതായിട്ടുണ്ട്. സ്പോർട്സുമായി ബന്ധപ്പെട്ട് ഇപ്പോൾ വേൾഡ് ഫുട്ബോൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. സ്പോർട്സിനുവേണ്ടി എല്ലാ ആളുകളും ഇപ്പോൾ ഒരുപോലെ ആംസ്-അപ് എന്ന നിലയിൽ കൈ ഉയർത്തിനിൽക്കുകയാണ്. ന മ്മുടെ കേരളത്തിൽ പട്യാല സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിനെ വെല്ലുന്ന വിധത്തിൽ വലിയൊരു സ്പോർട്സ് കോംപ്ലക്സ് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കുന്നതിനുള്ള ഒരു പരിശ്രമം നടത്തി. സൊമാനിയെപ്പോലുള്ള ഒരാളിന്റെ കയ്യിൽനിന്ന് പതിനൊന്നര ഏക്കർ സ്ഥലം

ഈ ഗവൺമെന്റ് തിരിച്ചുപിടിച്ച് സ്പോർട്സ് വകുപ്പിന് നൽകിയിട്ട് അവിടെനിന്ന് ഒരു നടപടിയും എടുക്കാതെ ഇപ്പോഴും ഫയലുകളിൽ ഉറങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം 18 കോടി രൂപയ്ക്കാണ് പണി പൂർത്തിയാക്കിയത്. ചുറ്റുമതിൽ കെട്ടുന്നതിനുവേണ്ടി മാത്രം രണ്ടുവർഷം എടുത്തു. ഇന്നും അത് തുറന്നുകൊടുത്തിട്ടില്ല. തുറന്നുകൊടുക്കാതിരിക്കുന്നതിനുള്ള കാരണം ആരെയും തൃപ്തികരമായ വിധത്തിൽ ബോധ്യപ്പെടുത്തുന്നില്ല. എന്തിനാണ് ഇത് പൂട്ടിയിട്ടിരിക്കുന്നത്; സ്പോർട്സിനെക്കുറിച്ച് ഏറ്റവും കൂടുതൽ ആവേശത്തോടുകൂടി നിൽക്കുന്ന ഇൻഡ്യയിലെ ഏറ്റവും നല്ല സ്പോർട്സ് താരങ്ങളുള്ള നമ്മുടെ ഈ കേരളത്തിൽ, പ്രത്യേകിച്ചും വനിതാ സ്പോർട്സ് താരങ്ങളുള്ള നമ്മുടെ ഈ കേരളത്തിൽ ആ സ്പോർട്സിന്റെ ഇൻഡോർ സ്റ്റേഡിയം എന്തുകൊണ്ട് നമ്മൾ പൂട്ടിയിടുന്നുവെന്നുള്ളത് ജനങ്ങൾക്കുകൂടി തൃപ്തികരമായ വിധത്തിൽ പറയണം. ദയവായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനാവശ്യമായ നിർദ്ദേശം നൽകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് കോട്ടയം വാട്ടർ ഹബ്ബിന്റെ പ്രവർത്തനങ്ങൾ പൂർത്തിയായി. അനുവദിച്ച തുകയ്ക്കുള്ള പ്രവർത്തനങ്ങൾ

പൂർത്തിയായിട്ടുണ്ട്. അവിടെ ചെളിയും പോളയും നീക്കം ചെയ്യാത്തതുകൊണ്ട്...

<u>മി. സ്പീക്കർ:</u> താങ്കൾ നോട്ടീസിൽ ഇക്കാര്യങ്ങളെല്ലാം പരാമർശിച്ചിട്ടില്ലേ; അതെല്ലാം ആവർത്തിക്കുകയാണോ? എല്ലാം വിശദീകരിക്കേണ്ടതില്ല എന്നാണ് പറയാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങയുമായുള്ള ഒരു തർക്കത്തിന് വേണ്ടി പറയുന്നതല്ലല്ലോ; അങ്ങും ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളല്ലേ? അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഞാൻ തന്നെ നേരിട്ട് ചില നടപടികൾ നടത്തിയിട്ടുണ്ടല്ലോ. അങ്ങനെയാണ്, ചെയ്യണം. അപ്പുറത്തിരുന്നാലും ഇപ്പുറത്തിരുന്നാലും കേരളത്തെ നമുക്ക് കാണാൻ കഴിയണം. കേരളം വികസനം ആഗ്രഹിക്കുന്ന സ്ഥലമാണ്. ആ വികസനം ആഗ്രഹിക്കുന്ന സ്ഥലത്ത് ഭംഗിയായി ഇത് നിറവേറ്റാൻ കഴിയണം. ഞാൻ പറയുന്നത് ഗവൺമെന്റിന്റെ പോളിസിയാണ്. ഗവൺമെന്റ് പോളിസി വികസനത്തിന് അനുകൂലമാണെന്ന് മുഖ്യമന്ത്രി പലവട്ടം പറഞ്ഞിട്ടുണ്ട്. ഞാൻ അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. അത് ചെയ്യണം എന്നാണ് ഞാൻ പറയുന്നത്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വരാതെ പോയിട്ടുള്ള

ഇക്കാര്യങ്ങൾകൂടി ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോട്ടയത്തെ ഏറ്റവും പ്രമുഖരായ ചില ആളുകളും മുഖ്യമന്ത്രിക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട് എന്നുള്ള കാര്യം എനിക്കറിയാം. അതുകൊണ്ട് ദയവായി ഈ കാര്യങ്ങൾ പൂർണ്ണമായി നടപ്പാക്കുന്നതിനുവേണ്ടി ഒരു പ്രദേശത്തെ വികസനം കട്ട് ചെയ്ത് നിർത്താതെ അതിനൊരു തുടർച്ച ഉറപ്പാക്കുന്നതിന് പിണറായി വിജയൻ ഗവൺമെന്റിന്റെ ഇച്ഛാശക്തി ഇവിടെ പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം എടുത്തുപറഞ്ഞ കാര്യം സർക്കാർ പൂർണ്ണമായും യോജിക്കുന്നതാണ്. വികസന കാര്യത്തിൽ യാതൊരു തരത്തിലുള്ള പക്ഷഭേദവുമില്ല. നമ്മുടെ നാടിന്റെ വികസനത്തിൽ ഒന്നിച്ചുനിൽക്കേണ്ടതും ഒപ്പം നീങ്ങേണ്ടതുമാണ് എന്നുതന്നെയാണ് സർക്കാർ കാണുന്നത്. ഇവിടെ അദ്ദേഹം ഉന്നയിച്ച കാര്യങ്ങളിൽ കോട്ടയം ഡെവലപ്മെന്റ് കോറിഡോറിൽ ഈരയിൽക്കടവ് പാലവും പാലത്തിനെ എം.സി. റോഡിൽ മണിപ്പുഴയുമായി ബന്ധിപ്പിക്കുന്ന റോഡുമാണുള്ളത്. പാലം പണി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ടാറിംഗ് ചെയ്യുന്നത് മൂന്ന് പ്രവൃത്തികളായി

ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ 170 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. രണ്ടാമത്തെ പ്രവൃത്തിയിൽ 100 ലക്ഷം രൂപയുടെ പ്രവൃത്തി ഡിസംബറിൽ പൂർത്തീകരിക്കുന്നതാണ്. മൂന്നാമത്തെ പ്രവൃത്തിയിൽ മണിപ്പുഴവരെയുള്ള 900 മീറ്റർ നീളം വരുന്ന റോഡ് പണിക്കായി എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതിക്കുവേണ്ടി 183 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കോടിമാത പാലത്തിന്റെ മൂന്ന് സ്പാനുകളിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ട്. അവസാന സ്പാൻ നിർമ്മിക്കുന്നതിന് പുറമ്പോക്കിൽ താമസിക്കുന്ന വിധവകളായ രണ്ട് കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. നീലിമംഗലം പാലം 2015 ഡിസംബറിൽ പൂർത്തീകരിച്ചുവെങ്കിലും പാലത്തിന്റെ ഡെക്ക് സ്ലാബിൽ നേരിയ വിള്ളലുകൾ കണ്ടെത്തിയിരുന്നു. ലോക ബാങ്ക് മിഷന്റെ നിർദ്ദേശപ്രകാരം പാലത്തിന്റെ ഉറപ്പ് പരിശോധിക്കുന്നതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (ഡിസൈൻ ആന്റ് ബ്രിഡ്ജസ്)-നെ ചുമതലപ്പെടുത്തുകയും പാലം രണ്ടുവരി ഗതാഗതത്തിന് യോഗ്യമാണെന്ന് റിപ്പോർട്ട് നൽകിയിട്ടുമുണ്ട്. കോട്ടയം മൾട്ടിപർപ്പസ് ഇൻഡോർ ഹാളിന്റെ ഔദ്യോഗിക ഉദ്ഘാടനം എന്ന പേരിൽ 2016 ഫെബ്രുവരി 28-ന് ഒരു ഉദ്ഘാടനം നടന്നുവെങ്കിലും അതിനുശേഷമാണ്

ഇൻഡോർ ഹാളിൽ വുഡ് ഫ്ലോറിംഗ് ഇടുന്നതിനായി ഭരണാനുമതി നൽകിയത്. ഇനിയും ഇതര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. ചിങ്ങവനത്ത് സ്പോർട്സ് കോളേജിനുപകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് കേരള സ്ഥാപിക്കുന്നതിനായി 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ പറഞ്ഞ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് റിക്വസിഷൻ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കോട്ടയം ബസ് ടെർമിനലിന്റെ ഗാരേജ് നിർമ്മാണം 95 ശതമാനം പൂർത്തിയായി. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സ്വാഗതാർഹമായ തരത്തിലാണ് അങ്ങ് പറഞ്ഞത്. ഈ പറഞ്ഞതുപോലെ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ കാര്യം അതല്ല, അങ്ങയെ തെറ്റിദ്ധരിപ്പിച്ചതാണ്. അതിന്റെ ബാക്കി പണിയൊക്കെ പൂർത്തിയായി. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെ പേര് മാറ്റാമോയെന്ന് എന്നോട് സ്വകാര്യത്തിൽ ചോദിച്ച ആളുകളുണ്ട്. ദയവായി അതൊന്നും ചെയ്യരുത്. രാജീവ് ഗാന്ധിയെ രണ്ടാമത് ഒന്നുകൂടി കൊല്ലരുത്. അതില്ലാതെ ഇത് ഭംഗിയായി നിറവേറ്റുന്നതിനുവേണ്ടി

സത്വരമായ നിർദ്ദേശം നൽകിയാൽ മാത്രം മതി. എനിക്ക് ചോദ്യമായിട്ട് ചോദിക്കാനില്ല. അങ്ങ് ഉത്തരമായി ഈ നിർദ്ദേശം നൽകണമെന്നാണ് എന്റെ അഭ്യർത്ഥന.